ഉത്തരം

(എ) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ആറു കമ്പ്യൂട്ടറൻമാരുടെ (കമ്പയിലർമാർ അല്ല) ആവശ്യമുള്ളതു എന്ന നിഗമനത്തിലാണ് ഗവൺമെൻറിൽനിന്ന് ആറു തസ്തിക ഉണ്ടാക്കിയത്. ഇതിൽ യാതൊരു വിവേചനവും ഉണ്ടായിരുന്നില്ല.

(ബി) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിൻറെ ശുപാർശ അനുസരിച്ച് കൂടുതൽ കമ്പ്യൂട്ടർമാരുടെ തസ്തികകൾക്കുവേണ്ടി പ്രസ് സൂപ്രണ്ട് സർക്കാരിലേക്ക് എഴുതുകയും സർക്കാർ നടപടികൾ എടുത്തുവരികയും ചെയ്തു വരുന്നു.

സ്റ്റേഷനറിയും പ്രിൻറിംഗും ഡിപ്പാർട്ടുമെൻറുകൾ

595 [854] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറിയും പ്രിൻറിംഗും വിഭാഗത്തിൽ തുല്യജോലി ചെയ്യുന്ന സ്റ്റേഷനറി ഇൻസ്പെക്ടർമാർക്ക് നൽകുന്ന ശമ്പള സ്കെയിലുകൾ രണ്ടു തരത്തിലാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രണ്ടു സ്കെയിലുകളും ഏകീകരിക്കാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) നിലവിലുള്ള ശമ്പള സ്കെയിലുകൾ ശമ്പള കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഉള്ളതാണ്.

(ബി) ശമ്പള കമ്മീഷൻ ശുപാർശകളിൻമേൽ (ചില പ്രത്യേക കാരണങ്ങൾ ഇല്ലെങ്കിൽ) മാറ്റം വരുത്തുന്നതിന് ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി. ഓപ്പറേറു ചെയ്യുന്ന ഷെഡ്യൂളുകൾ

596 [855] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര റൂട്ടുകളിൽ എത്ര ഷെഡ്യൂൾ വീതം ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഒരു ദിവസം ഒരു പുതിയ ബസ്സ് എന്ന തീരുമാനം അനുസരിച്ച് എത്ര ബസ്സുകൾ ഇറക്കി;

(സി) പുതിയ ബസ്സുകൾ റൂട്ടിൽ ഇറക്കിയതിൻറെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പുതിയ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തേണ്ടതെന്നു തീരുമാനിക്കുന്നത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly